*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

131st Issue - Volume 4, No. 12 ജാഗ്രത 19th April 2010

*******

**"കർത്താവിന്റെ അനുഗ്രഹമാണ് ദൈവഭക്തനു സമ്മാനം. അത് ക്ഷണനേരം കൊണ്ട് പൂവണിയുന്നു."**

*(പ്രഭാഷകൻ 11 : 22)*

*******



BLESSED MARIAM THRESIA

## പ്രധാന വാർത്തകൾ

**സഭ എന്നും പാവങ്ങളുടെ പക്ഷത്ത്: മാർ ജോർജ് വലിയമറ്റം**

---

**പൗരോഹിത്യ ശുശ്രൂഷയെ വിലയിടിച്ച് ചിത്രീകരിക്കാനുള്ള ശ്രമങ്ങൾക്കെതിരേ വിശ്വാസികൾ ജാഗരൂകരാകണം: മാർ ജോസഫ് പവ്വത്തിൽ**

---

**വിദ്യാഭ്യാസ അവകാശ ബില്ലിലെ ന്യൂനപക്ഷ വിരുദ്ധ വകുപ്പുകൾ ഭേദഗതി ചെയ്യണം: കാത്തലിക് ഫെഡറേഷൻ**

---

**അതിരൂപതയുടെ സമഗ്രപുരോഗതിക്ക് വേണ്ടി പരിശ്രമിക്കും: ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ**

---

**അല്മായർ സഭയുടെ ചൈതന്യമായി നിറഞ്ഞു നിൽക്കണം: മാർ മാത്യു അറയ്ക്കൽ**

---

**മദ്യത്തിനും ആഡംബരത്തിനുമെതിരേ അണിനിരക്കണം: പാസ്റ്ററൽ കൗൺസിൽ**

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

## സഭ എന്നും പാവങ്ങളുടെ പക്ഷത്ത്: മാർ ജോർജ് വലിയമറ്റം



സഭ എന്നും പാവങ്ങളുടെ ഒപ്പം നിൽക്കാനാണ് ആഗ്രഹിക്കുന്നതെന്ന് ആർച്ചുബിഷപ്പ് മാർ ജോർജ് വലിയമറ്റം. തലശേരി അതിരൂപത പാലത്തുംകടവിൽ പുതുതായി നിർമിച്ച മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ബാലികാഭവൻ ഉദ്ഘാടനം ചെയ്തുകൊണ്ടു സംസാരിക്കുകയായിരുന്നു ആർച്ചുബിഷപ്പ്. ദരിദ്രർക്കും നിരാലംബർക്കുംവേണ്ടി കൊടിപിടിക്കാനും മുദ്രാവാക്യം വിളിക്കാനും അനേകരുണ്ട്. എന്നാൽ ദരിദ്രരെ യഥാർത്ഥത്തിൽ സഹായിക്കേണ്ട സാഹചര്യത്തിൽ ഇത്തരക്കാരെ കാണാറേയില്ല. ദരിദ്രസേവനം പലരും അധരവ്യായാമം മാത്രമായി കരുതുമ്പോൾ കത്തോലിക്കാസഭയാകട്ടെ സാധുജന പരിപാലനം ജീവിതവ്രതമായി സ്വീകരിച്ചിരിക്കുകയാണെന്ന് ആർച്ചുബിഷപ്പ് ചൂണ്ടിക്കാട്ടി. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ അഞ്ചാംചരമ വാർഷികത്തോടനുബന്ധിച്ചാണ് ഈ സ്മാരകമന്ദിരം പണിതീർത്ത് ഉദ്ഘാടനം ചെയ്തത്. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ ഛായാചിത്രവും ചടങ്ങിനിടയിൽ ആർച്ചുബിഷപ്പ് അനാച്ഛാദനം ചെയ്തു. മലയോരങ്ങളിലെ നിർദ്ധനരും നിരാലംബരുമായ ബാലികമാരുടെ പുനരധിവാസത്തിനും വിദ്യാഭ്യാസത്തിനുമായി 1988 ലാണ് ഈ ബാലികാഭവൻ പാലത്തുംകടവിൽ ആരംഭിച്ചത്. അരക്കോടിയോളം രൂപാ ചെലവഴിച്ച് ആധുനിക രീതിയിൽ പണികഴിപ്പിച്ച ബാലികാഭവൻ പാവങ്ങളുടെ കാര്യത്തിൽ സഭയ്ക്കുള്ള പ്രത്യേക ശ്രദ്ധയ്ക്കുള്ള തെളിവാണെന്ന് ചടങ്ങിൽ സഹകാർമികരായിരുന്ന അതിരൂപത വികാരി ജനറാൾമാരായ മോൺ. മാത്യു എം.ചാലിലും, മോൺ. ഡോ. ജോസഫ് കരിനാട്ടും ചൂണ്ടിക്കാട്ടി. ബാലികാഭവന്റെ നിർമാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് 2008 മുതൽ ബാലികാഭവന്റെ ഡയറക്ടറായി സേവനം ചെയ്യുന്ന റവ. ഫാ. ജോബി കരിന്തോളിലാണ്. വിവിധ സന്നദ്ധ സംഘടനകളും സെമിനാരി വിദ്യാർഥികളും ബാലികാഭവന്റെ നിർമാണപ്രവർത്തനങ്ങളിൽ ഫലപ്രദമായി സഹകരിച്ചിട്ടുണ്ടെന്ന് ഫാ. ജോബി കരിന്തോളിൽ നന്ദിയോടെ അനുസ്മരിച്ചു. ആരംഭം മുതലേ പാലത്തുംകടവ് ബാലികാഭവനിൽ സേവനമനുഷ്ഠിക്കുന്നത് കുന്നോത്ത് കേന്ദ്രമായി പ്രവർത്തിക്കുന്ന നസ്രത്ത് സന്യാസിനീസമൂഹത്തിലെ സഹോദരിമാരാണ്.

## പൗരോഹിത്യ ശുശ്രൂഷയെ വിലയിടിച്ച് ചിത്രീകരിക്കാനുള്ള ശ്രമങ്ങൾക്കെതിരേ വിശ്വാസികൾ ജാഗരൂകരാകണം: മാർ ജോസഫ് പവ്വത്തിൽ



പൗരോഹിത്യ ശുശ്രൂഷയെ വിലയിടിച്ച് ചിത്രീകരിക്കാനും അധിക്ഷേപിക്കാനുമുള്ള ശ്രമങ്ങൾക്കെതിരേ വിശ്വാസികൾ ജാഗരൂകരാകണമെന്നും ശ്ലൈഹികസഭയോടുള്ള ബന്ധത്തിൽ ആഴപ്പെടണമെന്നും ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ. തെക്കേക്കര സെഹിയോൻ ദേവാലയത്തിൽ വിശുദ്ധ യോഹന്നാൻ ശ്ലീഹായുടെ ദർശനത്തിരുനാളിനോടനുബന്ധിച്ചു നടന്ന വൈദികവർഷ സമ്മേളനത്തിൽ സമാപനസന്ദേശം നൽകുകയായിരുന്നു അദ്ദേഹം. പൗരോഹിത്യത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ച് പുതുതലമുറയ്ക്ക് അവബോധമുണ്ടാക്കിക്കൊടുക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണമെന്നും ദൈവവിളിക്കായി പ്രാർഥിക്കണമെന്നും ആർച്ച്ബിഷപ് പറഞ്ഞു. തെക്കേക്കര സെഹിയോൻ ദേവാലയത്തിൽ പുതുതായി ആരംഭിച്ച മധ്യസ്ഥ പ്രാർഥനയ്ക്കും കൊടിയേറ്റിനും വികാരി ഫാ. പോൾ മാമ്പറമ്പിൽ കാർമികത്വം വഹിച്ചു. ഫാ. തോമസ് പീലിയാനിക്കൽ സായാഹ്നപ്രാർഥനയ്ക്ക് നേതൃത്വം നൽകി. വൈകുന്നേരം നടന്ന കലാസന്ധ്യയിൽ കുന്നന്താനം ദൈവപരിപാലനഭവനിലെ കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

## വിദ്യാഭ്യാസ അവകാശ ബില്ലിലെ ന്യൂനപക്ഷ വിരുദ്ധ വകുപ്പുകൾ ഭേദഗതി ചെയ്യണം: കാത്തലിക് ഫെഡറേഷൻ

കേന്ദ്രഗവൺമെന്റ് പാസാക്കിയ വിദ്യാഭ്യാസ അവകാശ സംരക്ഷണ ബില്ലിലെ 13, 21, 38 വകുപ്പുകൾ ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് നൽകിയിരിക്കുന്ന അവകാശങ്ങൾക്കു വിരുദ്ധമാണെന്നും ആ വകുപ്പുകൾ ഭേദഗതി ചെയ്യണമെന്നും കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് യോഗം ആവശ്യപ്പെട്ടു. കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ ദേശീയ പ്രസിഡന്റ് അഡ്വ. പി.പി ജോസഫിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റവ. ഡോ. മാണി പുതിയിടം, റവ. ഡോ. ടോം കുന്നുംപുറം, ഹെൻറി ജോൺ, അഡ്വ. ജോർജ് വർഗീസ് കോടിക്കൽ, അഡ്വ. സദീശ് മറ്റം, കെ.സി ആന്റണി കിഴക്കേവീട്, ഡോ. ഐസക്ക് ആന്റണി, ബിനില സജി എന്നിവർ പ്രസംഗിച്ചു.

## അതിരൂപതയുടെ സമഗ്രപുരോഗതിക്ക് വേണ്ടി പരിശ്രമിക്കും: ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ



കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് അതിരൂപതയുടെ സമഗ്രപുരോഗതിക്ക് വേണ്ട കാര്യങ്ങൾ നടപ്പാക്കാൻ ശ്രമിക്കുമെന്ന് വരാപ്പുഴ ആർച്ച് ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ. ആർച്ച്ബിഷപ്പായി ചുമതലയേറ്റതിനുശേഷം നടന്ന അനുമോദന സമ്മേളനത്തിൽ മറുപടി പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. വലിയൊരു അതിരൂപതയുടെ സാരഥ്യം ദൈവം എന്നെ ഏൽപ്പിച്ചു. അത് ഇരട്ടിയാക്കി കോട്ടപ്പുറം അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ സ്ഥാനവും തന്നെ ഏൽപ്പിച്ചിരിക്കുകയാണ്. രണ്ടും ദൈവവിശ്വാസത്തെ ആശ്രയിച്ച് ഏറ്റെടുക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. വലിയ ഇടയൻമാർ നേതൃത്വം നൽകിയ സ്ഥാനത്തേക്കാണ് തന്നെ ഇപ്പോൾ നിയോഗിച്ചിരിക്കുന്നത്. അവർ തുടങ്ങിവച്ച കാര്യങ്ങൾ പലതും പൂർത്തീകരിക്കേണ്ടതുണ്ട്. അതിരൂപതയെ മുന്നേറ്റത്തിലേക്ക് നയിക്കുന്നതിന് ഐക്യം വേണം. ഒറ്റയ്ക്ക് ഒന്നും ചെയ്യനാവില്ല. എല്ലാവരുടെയും പിന്തുണ ആവശ്യമാണ്. ജീവിതത്തിലെ വെല്ലുവിളികളെ അതിജീവിക്കാൻ കൂട്ടായ്മ എന്നും നിലനിർത്തണം. മുകളിലേക്ക് നോക്കിയല്ല താഴേക്കും വശങ്ങളിലേക്കും നോക്കിയാണ് താൻ നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ദൈവത്തിനും ജനങ്ങൾക്കും വേണ്ടി സ്വന്തം പാതയിൽ നിന്നു വ്യതിചലിക്കാതെയാണ് ജീവിച്ചത്. തുടർന്നും അതേ നയത്തിൽ ഉറച്ചു നിൽക്കുമെന്നും ആർച്ച്ബിഷപ് വ്യക്തമാക്കി.

## അല്മായർ സഭയുടെ ചൈതന്യമായി നിറഞ്ഞു നിൽക്കണം: മാർ മാത്യു അറയ്ക്കൽ



അല്മായർസഭയുടെ ചൈതന്യമായി പ്രവർത്തിക്കണമെന്നും സമൂഹത്തിൽ സഭ നേരിടുന്ന വെല്ലുവിളികളെ ധീരമായി നേരിടണമെന്നും സീറോ മലബാർ സഭ അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ ഉദ്ബോധിപ്പിച്ചു. അല്മായ കമ്മീഷന്റെ നേതൃത്വത്തിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന കത്തോലിക്കാ കോൺഗ്രസ് നേതൃസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മാർ അറയ്ക്കൽ. സമ്മേളനത്തിൽ സീറോ മലബാർ സഭ കൂരിയ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ അധ്യക്ഷത വഹിച്ചു. മൂല്യാധിഷ്ഠിതമായ സമൂഹത്തിന് നേതൃത്വം നൽകാൻ അല്മായ നേതൃത്വം കടന്നു വരണമെന്നും സഭയോടൊത്തു ചിന്തിച്ച് ക്രൈസ്തവ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ നമുക്ക് സാധിക്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. സീറോ മലബാർ സഭ കൂരിയ ചാൻസിലർ റവ. ഡോ. ആന്റണി കോളന്നൂർ, എകെസിസി പ്രസിഡന്റ് എം. ഡി. ജോസഫ് മണ്ണിപ്പറമ്പിൽ, റവ. ഡോ. മാത്യു പായിക്കാട്ട്, അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ. വി. സി. സെബാസ്റ്റ്യൻ, ടോമി തുരുത്തിക്കര, സൈബി അക്കര, റവ. ഡോ. ആന്റണി നിരപ്പേൽ, സെബാസ്റ്റ്യൻ വടശ്ശേരിൽ, പ്രൊഫ. കെ. കെ ജോൺ തുടങ്ങിയവർ പ്രസംഗിച്ചു. 'അല്മായ ശാക്തീകരണം' എന്ന വിഷയത്തെ ആസ്പദമാക്കി അല്മായകമ്മീഷൻ സെക്രട്ടറി അഡ്വ. വി. സി.

സെബാസ്റ്റ്യൻ പ്രബന്ധം അവതരിപ്പിച്ചു. ഇടുക്കി രൂപത ഡയറക്ടർ ഫാ. ജോസഫ് കോയിക്കക്കുടി, എറണാകുളം രൂപത ഡയറക്ടർ ഫാ. ജോസ് തച്ചിൽ, ഫാ. ജേക്കബ് പാലയ്ക്കപ്പള്ളി, പ്രഫ. ജോസുകുട്ടി ഒഴുകയിൽ, ടോമിച്ചൻ അയ്യർകുളങ്ങര, ബേബി പെരുമാലിൽ, ബേബി മാത്യു, പ്രൊഫ. പി. പി. ജോർജ്ജ്, ജോസ് കൊച്ചുപുര, ബേബിച്ചൻ ഏർത്തേൽ, സാജു അലക്സ്, അഡ്വ. ജോയി വാറുണ്ണി, കെ. റ്റി. തോമസ് കരിപ്പാപ്പറമ്പിൽ, വർഗീസ് മാവേലിൽ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

## മദ്യത്തിനും ആഡംബരത്തിനുമെതിരേ അണിനിരക്കണം: പാസ്റ്ററൽ കൗൺസിൽ

സമൂഹത്തിൽ വളർന്നുവരുന്ന മദ്യപാനാസക്തിക്കും ആഡംബരപ്രിയത്തിനുമെതിരേ സഭാംഗങ്ങളെ അണിനിരത്താനും ഈ വിപത്തുകൾക്കെതിരേ പോരാടാനും ചങ്ങനാശേരി അതിരൂപത പാസ്റ്ററൽ കൗൺസിൽ തീരുമാനിച്ചു. ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ കൂടിയ യോഗത്തിൽ ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷത വഹിച്ചു. സഭയുടെ എല്ലാ സംവിധാനങ്ങളും ഈ വിപത്തുകൾക്കെതിരേ ജാഗ്രത പാലിച്ചുകൊണ്ട് പ്രവർത്തിക്കാൻ മാർ ജോസഫ് പെരുന്തോട്ടം ആഹ്വാനം ചെയ്തു. സർക്കാർതന്നെ മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങൾ സ്വീകരിക്കുന്ന പശ്ചാത്തലത്തിൽ മദ്യപാനത്തിനു മാന്യത നൽകുന്ന പ്രവണത വർധിച്ചുവരുന്നതായി അദ്ദേഹം അഭിപ്രായപ്പെട്ടു. മൃതസംസ്കാരാവസരങ്ങൾപോലും ആഘോഷമാക്കുകയും ഈ ആഘോഷാവസരങ്ങളെല്ലാം ആഡംബരത്തിനും ധൂർത്തിനും മദ്യപാനത്തിനുമുള്ള അവസരങ്ങളാക്കുകയും ചെയ്യുന്ന പ്രവണതയ്ക്ക് മാറ്റംവരുത്താനുള്ള കർമപരിപാടികൾ ആസൂത്രണം ചെയ്യാൻ യോഗം തീരുമാനിച്ചു. മദ്യസൽക്കാരത്തിനും ആഡംബരങ്ങൾക്കുമായി ധൂർത്തടിക്കുന്ന പണം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കാൻ സഭാംഗങ്ങളെ കൗൺസലിംഗിലൂടെയും ചികിത്സയിലൂടെയും അതിൽനിന്നു പിന്തിരിപ്പിക്കണമെന്നു യോഗം നിർദേശിച്ചു. കേന്ദ്രസർക്കാർ പാസാക്കിയ വിദ്യാഭ്യാസാവകാശ നിയമത്തിലെ ന്യൂനപക്ഷവിരുദ്ധ വകുപ്പുകളെക്കുറിച്ച് ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഇവ നീക്കിക്കിട്ടാനുള്ള പരിശ്രമങ്ങൾ നടത്താനും യോഗം തീരുമാനിച്ചു. സമ്മേളനത്തിൽ മാർ ജോസഫ് പവ്വത്തിൽ, വികാരി ജനറാൾമാരായ മോൺ. ജോസഫ് കുറിഞ്ഞിപറമ്പിൽ, മോൺ. ജോസഫ് നടുവിലേഴം, മോൺ. മാത്യു വെള്ളാനിക്കൽ, ഫാ.ജോസഫ് കൊച്ചുപറമ്പിൽ, ഫാ. ബാബു പുത്തൻപുരയ്ക്കൽ, അഡ്വ.ജോജി ചിറയിൽ തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി തോമസ് സെബാസ്റ്റ്യൻ വൈപ്പിശേരി, അസിസ്റ്റന്റ് സെക്രട്ടറി പ്രഫ. രാജൻ കെ. അമ്പൂരി, ഫാ. ടോം പുത്തൻകളം, ഫാ. മാത്യു ഓടലാനി തുടങ്ങിയവർ നേതൃത്വം നൽകി.

JAGRATHA News

**"Jagratha News"** – An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA